കേരള സർക്കാർ

നം.ഡി.എ 2/277/2017-തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, 22 .07.2017.

## സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നതും എന്നാൽ വനം വകുപ്പിന്റെ അധീനതയിലുള്ളതുമായ റോഡുകളിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് -സംബന്ധിച്ച്

സൂചന :- വൈത്തിരി ഗ്രാമപഞ്ചായത്തിലെ ലക്കിടി-അറമല റോഡ് കോൺക്രീറ്റ് ചെയ്യുതുമായി ബന്ധപ്പെട്ട് ബഹു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11.5.17ന് ചേർന്ന യോഗത്തിലെ 2-ാം നമ്പർ തീരുമാനം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററൽ ഉൾപ്പെടുന്നതും എന്നാൽ വനം വകുപ്പിന്റെ അധീനതയിലുള്ളതുമായ ഭൂമിയിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ വനം വകുപ്പിന്റെ അനുമതിയില്ലാതെ ഏറ്റെടുക്കാൻ പാടില്ല എന്ന് വൈത്തിരി ഗ്രാമപഞ്ചായത്തിലെ ലക്കിടി-അറമല റോഡ് കോൺക്രീറ്റ് ചെയ്യുതുമായി ബന്ധപ്പെട്ട് ബഹു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11.05.2017ന് ചേർന്ന യോഗത്തിൽ ബഹു.ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ വനം വകുപ്പിന്റെ അനുമതിയില്ലാതെ റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാവിയിൽ ഏറ്റെടുക്കാൻ പാടില്ല എന്ന് കർശനമായി നിർദ്ദേശിക്കുന്നു.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
വനം & വന്യജിവി (സി) വകുപ്പ്
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസിന്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.